# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: **doklm.ksad@kerala.gov.in**
ഫോൺ : **0474-2740141**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.എൽ.എം.പി1/2058/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 31/10/2025
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്**.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എൽ.എം.പി1/2058/25 തീയ്യതി: 31/10/2025

## കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മണിലാൽ.വി | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2025 | 03-10-2025 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2025 | 03-10-2025 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

അനിൽ ആർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ),
ഷീബാ മോൾ ജേക്കബ്ബ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ചന്ദ്രപ്രകാശ് സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അഖിൽ ആർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പി.ലൈല ബീവി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ ഷിബുകുമാർ.എസ് | സെക്രട്ടറി | 01-04-2024 | 31-07-2024 |
| ശ്രീ.രാജീവ് ജെ | സെക്രട്ടറി | 01-08-2024 | 31-03-2025 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഡോ. ഹിഷാം എ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി കാർത്തിക എം.എസ് | ഡയറി ഫാം ഇൻസ്പക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി അമ്പിളി പി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി അനിതകുമാരി എം കെ | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 31-03-2025 |
| ശ്രീമതി മേഖ എംജി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.പ്രമോദ് പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ.ഡോ. പ്രകാശ് പി | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2024 | 31-03-2025 |
| ശ്രീ.അഭിലാഷ് ആർ | വി ഇ ഒ | 01-04-2024 | 31-03-2025 |
| ശ്രീമതി പ്രതീക്ഷ സത്യൻ | വി ഇ ഒ | 01-04-2024 | 31-03-2025 |
| ശ്രീമതി ഷീജമോൾ എസ് | വി ഇ ഒ | 31-01-2025 | 31-03-2025 |
| ശ്രീ.രാഹുൽ രാജ് സി എം | വി ഇ ഒ | 01-04-2024 | 31-03-2025 |
| ശ്രീ.പ്രവീൺ ജി.എസ് | വി ഇ ഒ | 01-04-2024 | 31-03-2025 |
| ശ്രീ.ഷിഫിലുദ്ദീൻ | അസി.സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ.പ്രവീൺ.ജി.എസ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2024 | 31-03-2025 |
| ശ്രീമതി സിന്ധു.എസ് | അക്രഡിറ്റഡ് എഞ്ചിനീയർ,എൻആർഇജിഎസ് | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 - 1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വികസന ഫണ്ട് പൊതുവിഭാഗം - ACR ലെ ചെലവും സുലേഖ യിലെ ചെലവും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വികസന ഫണ്ട് പൊതുവിഭാഗം - ACR ലെ ചെലവും, AFS ചെലവുമായി വ്യത്യാസം | 1-1-3 |
| 5 | ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (അൺ ടൈഡ് ) ACR / AFS വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (അൺ ടൈഡ് ) ACR / AFS വരവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ) ACR / AFS വരവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | MGNREGS - AFS / Cash Book - പ്രകാരമുള്ള വരവ് കണക്കുകളിൽ വ്യത്യാസം | 1-1-7 |
| 9 | MLA ഫണ്ട് - AFS കണക്കുകളിൽ വ്യത്യാസം | 1-1-8 |
| 10 | ICDS - AFS വരവ് ചെലവ് കണക്കുകളിൽ വ്യത്യാസം | 1-1-9 |
| 11 | വായ്പ്പാ - വായ്പ്പാ തിരിച്ചടവ് കണക്കുകളിൽ വ്യത്യാസം.വാർഷിക ധനകാര്യ പത്രികയും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1 - 4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | വസ്തു നികുതി ഈടാക്കുന്നതിൽ അപാകതകൾ | 1-11 |
| 22 | തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകൾ | 1-12 |
| 23 | വാടക കുടിശ്ശിക ഈടാക്കുന്നില്ല | 1-13 |
| 24 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 25 | വസ്തു നികുതി -5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കി. | 1-15 |
| 26 | പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായം – പ്രോജക്ട് നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച് | 1-16 |
| 27 | സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകൾ- വിനിയോഗ രേഖകൾ ഹാജരാക്കിയില്ല. | 1-17 |
| 28 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ -ടാപ്പുകളുടെ വിവരങ്ങൾ ഇല്ല. | 1-18 |
| 29 | പാലിയേറ്റീവ് പരിചരണം- 39545/-രൂപയുടെ മരുന്നുകൾ ലഭിച്ചില്ല. | 1-19 |
| 30 | മരാമത്ത് പ്രവൃത്തികൾ- ഇൻഷ്വറൻസ് കവറേജിന്റെ കാലയളവ് പാലിക്കുന്നില്ല | 1-20 |
| 31 | പട്ടികജാതി വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണ പ്രോജക്ടുകൾ- ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു. | 1-21 |
| 32 | ധാതുലവണ മിശ്രിതം- ഗ്രാമസഭയിൽ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് വിതരണം നടത്തി | 1-22 |
| 33 | ആസ്തി രജിസ്റ്റർ കാലികമല്ല. | 1-23 |
| 34 | വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ -സ്റ്റോക്ക് രജിസ്റ്ററിന് തുടർച്ചയില്ല | 1-24 |
| 35 | ബഡ്സ് സ്കൂൾ വാഹനത്തിന്റെ ഇന്ധനക്ഷമത പരിശോധന നടത്തിയിട്ടില്ല. | 1-25 |
| 36 | ഗ്രാമ പഞ്ചായത്തിലെ ഗ്രന്ഥശാലകൾക്ക് ലൈബ്രറി കൗൺസിൽ രജിസ്ട്രേഷൻ ഇല്ല. | 1-26 |

| | | |
|---|---|---|
| 37 | പട്ടിക വർഗ്ഗ വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണ പ്രോജക്ടുകൾ പൂർത്തീകരിക്കാൻ ശേഷിക്കുന്നു. | 1-27 |
| 38 | ബഡ്സ് സ്കൂൾ ജീവനക്കാർക്ക് വേതനം നൽകൽ - ഡ്രൈവർക്ക് അധിക വേതനം നൽകി | 1-28 |
| 39 | ലാപ്ടോപ്പ് വാങ്ങൽ പ്രോജക്ടുകൾ – ഒരു സാമ്പത്തിക വർഷം തന്നെ വ്യത്യസ്ത വിലയ്ക്ക് ലാപ്ടോപ്പ് വാങ്ങി. | 1-29 |
| 40 | ടെൻഡർ ഫീസ്- തുക മുഴുവൻ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തില്ല. | 1-30 |
| 41 | രവീന്ദ്രൻ മാസ്റ്റർ സ്മാരക നിർമ്മാണം-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-31 |
| 42 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-32 |
| 43 | ജൽജീവൻ മിഷൻ-അവലോകനം | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1
## പൊതു അവലോകനം

### 1 - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 03/06/2025 ലെ 2 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 03/06/2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും, ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെകേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും, 31.03.2025 ലെ സാമ്പത്തിക നിലയുടെയും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി : 31.10.2025

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

### 1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെ പറയുന്ന പത്രികകൾ ഉൾപ്പെട്ടിട്ടില്ല.
റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ

### 1-1-2 വികസന ഫണ്ട് പൊതുവിഭാഗം - ACR ലെ ചെലവും സുലേഖ യിലെ ചെലവും പൊരുത്തപ്പെടുന്നില്ല

വികസന ഫണ്ട് പൊതുവിഭാഗം - ACR ലെ ചെലവും (55936150) സുലേഖയിലെ ചെലവും (62102662) ജി.ഒ. പ്രോജക്ടും അംഗൻവാടി ജീവനക്കാരുടെ വേതനവുമായി (Deductions At Source ) തട്ടിക്കിഴിക്കുമ്പോൾ പത്തുലക്ഷം രൂപയുടെ വ്യത്യാസം ഉണ്ട്.

### 1-1-3 വികസന ഫണ്ട് പൊതുവിഭാഗം - ACR ലെ ചെലവും, AFS ചെലവുമായി വ്യത്യാസം

വികസന ഫണ്ട് പൊതുവിഭാഗം - ACR- ലെ ചെലവും (55936150), AFS ഐ 6- ലെ ചെലവും (56047588), തമ്മിൽ 1,11,438/- രൂപയുടെ വ്യത്യാസം ഉണ്ട്.

### 1-1-4 ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (അൺ ടൈഡ് ) ACR / AFS വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

CFC Basic ഗ്രാന്റ് ബാങ്കിലെ OB 3,23,85,828/- രൂപയും ACR പ്രകാരമുള്ള വരവ് 1,29,36,205/- രൂപയും ചേർന്ന് ആകെ 4,53,22,033/-രൂപയാണ്. 2024-2025 ലെഡ്ജർ പ്രകാരമുള്ള ചെലവ് 1,10,31,395/- രൂപയും AFS B 4 ലെ നീക്കിയിരിപ്പ് 3,61,71,537/- രൂപയുമാണ്. ഇതു തട്ടിക്കിഴിക്കുമ്പോൾ 18,80,899/- രൂപയുടെ വ്യത്യാസം ഉണ്ട്.

**1-1-5 ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (അൺ ടൈഡ് ) ACR / AFS വരവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല**

CFC Basic ഗ്രാന്റ് AFS RP-30 പ്രകാരം വരവ് 1,42,55,194/- രൂപയും ACR പ്രകാരം 1,52,78,728/- രൂപയും ആണ്. ഇവ തമ്മിൽ 10,23,534/- രൂപയുടെ വ്യത്യാസം ഉണ്ട്.

**1-1-6 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ) ACR / AFS വരവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല**

CFC Tied ഗ്രാന്റ് RP -30 പ്രകാരം വരവ് 2,79,70,000/- രൂപയും, ACR പ്രകാരം 4,07,82,922/- രൂപയും ആണ്. ഇവ തമ്മിൽ 1,28,12,922/- രൂപയുടെ വ്യത്യാസം ഉണ്ട്.

**1-1-7 MGNREGS - AFS / Cash Book - പ്രകാരമുള്ള വരവ് കണക്കുകളിൽ വ്യത്യാസം**

MGNREGS - AFS പ്രകാരമുള്ള വരവ് 21,32,709/- രൂപയാണ്. എന്നാൽ MGNREGS - ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് 21,08,318.50/- രൂപയാണ് (OB 5.50 + വരവ് 2097856 + പലിശ 10457= 2108318.50). ഇതു തട്ടിക്കിഴിക്കുമ്പോൾ 24,390.50/- രൂപയുടെ വ്യത്യാസം ഉണ്ട്.

**1-1-8 MLA ഫണ്ട് - AFS കണക്കുകളിൽ വ്യത്യാസം**

MLA ഫണ്ടിൽ 2023-24 AFS പ്രകാരം ബി 4-ൽ നീക്കിയിരുപ്പായി 40 ലക്ഷം രൂപയുണ്ടായിരുന്നു. 2024-25 AFS പ്രകാരം ചെലവ് 4,67,583/- രൂപയും നീക്കിയിരിപ്പ് 16,47,794/- രൂപയുമാണ്. ഇതു തട്ടിക്കിഴിക്കുമ്പോൾ 18,84,623/- രൂപയുടെ വ്യത്യാസം ഉണ്ട്.

**1-1-9 ICDS - AFS വരവ് ചെലവ് കണക്കുകളിൽ വ്യത്യാസം**

ICDS ഒ.ബി. 44,11,848/- രൂപയും 2024-25 AFS പ്രകാരം വരവ് 30,69,634/- രൂപയും ചേർത്ത് ആകെ 74,81,482/- രൂപയും, ചെലവ് 13,11,564/- രൂപയും നീക്കിയിരിപ്പ് 61,33,450/- രൂപയുമാണ്. ഇതു തട്ടിക്കിഴിക്കുമ്പോൾ 36,468/- രൂപയുടെ വ്യത്യാസം ഉണ്ട്.

**1-1-10 വായ്പ്പാ - വായ്പ്പാ തിരിച്ചടവ് കണക്കുകളിൽ വ്യത്യാസം.വാർഷിക ധനകാര്യ പത്രികയും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല**

വായ്പ്പ -വായ്പ്പാ തിരിച്ചടവ് വാർഷിക ധനകാര്യ പത്രികയും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള വായ്പ്പാ തുക 11,55,58,375/-രൂപ ആണ്. ഇതു മുൻ വർഷങ്ങളിലെ ഓഡിറ്റ് പരാമർശ പ്രകാരം രജിസ്റ്ററിൽ ക്രമീകരിച്ച തുക 11,48,34,225/-രൂപ ആണ്. 7,24,150/-രൂപ വ്യത്യാസം ഉണ്ട്.

**1-2 ബജറ്റ്**

ബജറ്റ് 14.02.2024 തീയതിയിലെ (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 10.03.2025 തീയതിയിലെ 3(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 6,49,85,264/-രൂപ |
| വരവ് | 14,52,55,763/-രൂപ |
| ആകെ | 21,02,41,027/-രൂപ |
| ചെലവ് | 11,61,86,587/-രൂപ |
| നീക്കിയിരിപ്പ് | 9,40,54,440/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 37,41,251 /- രൂപ |

**1 - 4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | ഒ.ബി. ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി./ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 00 | 6,96,10,488 | 6,96,10,488 | * 6,21,02,662 | 75,07,826 |
| വികസന ഫണ്ട്-എസ്.സി.പി. | 00 | 1,16,61,236 | 1,16,61,236 | 1,16,61,236 | 00 |
| വികസന ഫണ്ട്-റ്റി.എസ്.പി. | 00 | 29,44,815 | 29,44,815 | 29,44,815 | 00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic Grant Bank) | ** 3,23,85,828 | 1,42,55,194 | 4,66,41,022 | 1,10,31,395 | 3,61,71,537 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ബാങ്ക്) | 27,36,479 | 2,79,70,000 | 3,07,06,479 | 1,08,02,877 | 1,99,03,602 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 00 | 2,18,28,000 | 2,18,28,000 | 1,44,20,090 | 74,07,910 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 00 | 1,22,99,000 | 1,22,99,000 | 79,05,418 | 43,93,582 |

| | | | | | |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | *** 5.50 | 21,32,709 | 21,32,715 | 21,08,318 | 1.00 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ICDS | 44,11,848 | 30,69,634 | 74,81,482 | 13,11,564 | **** 61,33,450 |
| TSC | 2,36,872 | 8,995 | 2,45,867 | 82,569 | 1,63,298 |
| സ്വച്ഛ് ഭാരത് അഭിയാൻ | 00 | 5,14,092 | 5,14,092 | 5,14,092 | 00 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ലൈഫ്- സ്റ്റേറ്റ് ഷെയർ | 3,00,000 | 86,50,000 | 89,50,000 | 59,00,000 | 30,50,000 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 54,16,467 | 00 | 54,16,467 | 00 | 54,16,467 |
| SGSY | 4,567 | 268 | 4,835 | 00 | 4,835 |
| കോർപ്പസ് ഫണ്ട് | 12,42,167 | 11,57,833 | 24,00,000 | 22,31,304 | 1,68,696 |
| അവാർഡ് | 4,000 | 00 | 4,000 | 00 | 4,000 |
| ഹെൽത്ത് ഗ്രാന്റ്-ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 2,49,842 | 4,60,582 | 7,10,424 | 2,30,260 | 4,80,164 |
| ഹെൽത്ത് ഗ്രാന്റ് | 11,919 | 7,12,460 | 7,24,379 | 5,000 | 7,19,379 |
| മറ്റുള്ളവ | 14,000 | 00 | 14,000 | 00 | 14,000 |
| MLA ഫണ്ട് | 40,00 000 | 00 | 40,00 000 | ***** 23,52,206 | 16,47,794 |
| ജലനിധി | 10,91,630 | 30443 | 11,22,073 | 00 | 11,22,073 |

* – ACR ഇൽ 10 ലക്ഷം രൂപയുടെ ഡ്യൂപ്ലിക്കേഷൻ വന്നിട്ടുണ്ട്. എന്നാൽ സുലേഖയിൽ ശരിയായ കണക്കാണ് കാണിച്ചിട്ടുള്ളത്.

** – മുൻ വർഷ പലിശ കണക്കാക്കുമ്പോൾ 5,61,910/- രൂപ ചേർന്ന് മുന്നിരിപ്പ് ആകെ 3,29,47,738/-രൂപ.

*** – 24,396/- രൂപ സോഷ്യൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ അടവാക്കിയ തുക വരവിൽ രേഖപ്പെടുത്തിയതിനാൽ വന്ന വ്യത്യാസം.

**** – മുൻവർഷത്തെ ചെലവ് അഡ്ജസ്റ്റ് ചെയ്തതു മൂലം ഉണ്ടായ വ്യത്യാസം – രൂപ 36,468/-രൂപ.

***** – മുൻ വർഷ ചെലവ് 18,84,623/- രൂപ ഈ വർഷം അഡ്ജസ്റ്റ് ചെയ്തത് മൂലം ഉണ്ടായ വ്യത്യാസം.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി ടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 359 | 60,40,46,831/- | 210 | 17,39,31,219/- | 30 | 119 | 58% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ്(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരുപ്പ്(₹) |
|---|---|---|---|---|---|
| MGNREGS | 6 | 21,08,313/- | 21,08,319/- | 21,08,318/- | 1/- |
| MGNREGS -EFMS -ASSET | 0 | 30,66,112/- | 30,66,112/- | 30,66,112/- | 0 |
| MGNREGS -EFMS -REVENUE | 0 | 10,97,89,159/- | 10,97,89,159/- | 10,97,89,159/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 43,08,000/- | 254 |
| വാർദ്ധക്യകാലപെൻഷൻ | 6,23,42,400/- | 4368 |
| വികലാംഗപെൻഷൻ | 77,23,600/- | 477 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 6,12,800/- | 41 |
| വിധവാപെൻഷൻ | 2,95,21,500/- | 1938 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.09.25 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12660 /-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഇൻകംബൻസി രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി പരിപാലിച്ചിട്ടുണ്ട്. ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിൽ ഫലപ്രദമായ മോണിറ്ററിംഗ് നടത്തേണ്ടതാണ്. മോണിറ്ററിംഗ് സമിതിയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുവെന്ന് വിവിധ

സ്ഥിരം സമിതികളും, പഞ്ചായത്ത് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതാണ്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിലും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിലും ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നു.

5 ഹൈമാസ്റ്റ് ലൈറ്റുകൾക്ക് പഞ്ചായത്ത് വൈദ്യുതി ചാർജജ് അടയ്ക്കുന്നുണ്ട്. എന്നാൽ രജിസ്റ്ററിൽ ഇവ വേർതിരിച്ച് എഴുതിയിട്ടില്ല. ആയതിനാൽ അടവാക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കൃത്യത വ്യക്തമല്ല. പഞ്ചായത്തിലെ 20 വാർഡുകളിലെയും തെരുവ് വിളക്ക് പോസ്റ്റുകളുടെ വിവരങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ ലഭ്യമല്ല. ഇതിനായി കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധനയ്ക്ക് നടപടി സ്വീകരിക്കേണ്ടതുണ്ട്. വാറണ്ടിയുള്ള LED ബൾബുകൾ വിവിധ പ്രോജക്റ്റുകളിൽ തൻ വർഷം വാങ്ങിയിട്ടുണ്ടെങ്കിലും വാറണ്ടി കാലയളവിനുള്ളിൽ ഇവ കേടായാൽ ഇതിന് പകരം ലഭിക്കുന്നു എന്നത് നിരീക്ഷിക്കുന്നതിനുള്ള സംവിധാനമില്ല. തെരുവ് വിളക്കുകളുടെ സ്റ്റോക്ക് വിവരങ്ങൾ, വിനിയോഗം, കേടായ വൈദ്യുത ഉപകരണങ്ങൾ തിരികെ ലഭിച്ചത് രേഖപ്പെടുത്തുന്നത് എന്നിവയിൽ ജാഗ്രത പുലർത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

തൻവർഷം രണ്ട് തവണ ഗ്രാമസഭ കൂടിയിട്ടുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ എന്ന ക്രമം ഗ്രാമസഭ കൂടുന്നതിൽ പാലിക്കാൻ സാധിച്ചിട്ടില്ല. മിനിറ്റ്സ് ബുക്കിൽ ഓരോ വാർഡിലെയും ജനസംഖ്യ രേഖപ്പെടുത്തുന്നില്ല.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിറ്റ്സിൽ ഓരോ മാസത്തേയും വരവ്, ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ സംക്ഷിപ്തം രേഖപ്പെടുത്തി അംഗീകാരം വാങ്ങാവുന്നതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/09/2022 | 01/04/2022 – 30/06/2022 | 06/10/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20/03/2018 | 2013-14 To 2017-18 | 20/06/2018 |

## 1-11 വസ്തു നികുതി ഈടാക്കുന്നതിൽ അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ടർഫുകളിൽ നിന്ന് വസ്തു നികുതി ഈടാക്കിയ രേഖകൾ ലഭ്യമല്ല. പഞ്ചായത്തിന്റെ തനതു വരുമാനം കൂട്ടുന്നതിന്റെ ഭാഗമായി, ഇത്തരം നിർമ്മിതികളിൽ നിന്നും പെർമിറ്റ്/ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി, കെട്ടിട നികുതി എന്നിവ ഈടാക്കാവുന്നതാണ്. ആയതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിയ്ക്ക്, മേൽ ടർഫുകൾക്ക് വസ്തു നികുതി നിർണ്ണയം നടത്തിയട്ടില്ലെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് നിർണ്ണയം നടത്തി ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.(1)

കൂടാതെ , മൊബൈൽ ടവറുകളുടെ വസ്തുനികുതി കണക്കാക്കുന്നതിന് ടവറുകളുടെ തറവിസ്തീർണം കൂടാതെ, ജനറേറ്ററും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിരിക്കുന്ന ഭാഗത്തിന്റെ തറവിസ്തീർണം കൂടി പരിഗണിക്കേണ്ടതാണെന്ന് 26.2.22 ലെ സർക്കുലർ നമ്പർ സി ആർഡി 3/94/20/ തസ്വഭവ പ്രകാരം സ്പഷ്ടീകരണം നല്കിയിരുന്നു. എന്നാൽ ഇത്തരത്തിൽ വസ്തു നികുതി പുനർനിർണയിച്ചതിന്റെ രേഖകൾ ലഭ്യമായിട്ടില്ല. ആയതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിയ്ക്ക്,ടി സർക്കുലർ പ്രകാരം നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് .തുടർ നടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ആർ ആർ നടപടികളുടെ തുടർ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. (2) പഞ്ചായത്ത് പരിധിയിൽ ഇൻഡസ് ടവറിൻറെ ഉടമസ്ഥതയിൽ കെ പി 10/213, 10/677, 14/647, 17/388, 18/665, 19/535, 19/595, എന്നീ ടവറുകളും റിലയൻസ് ഉടമസ്ഥതയിൽ കെ പി 16/662, 3/51 എ, 4/633, 632 നമ്പർ ടവർ, സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ഉടമസ്ഥതയിൽ കെ പി 12/648 നമ്പർ ടവർ, ഭാരത് എയർടെൽ ഉടമസ്ഥതയിൽ കെ പി 17/391 നമ്പർ ടവർ എന്നിങ്ങനെ ടവറുകളും ഉണ്ട്. ടി മൊബൈൽ ടവറുകളിൽ കെ പി 3/51എ, 4/633, 4/632 എന്നീ ടവറുകളുടെ നികുതി കുടിശ്ശികയുണ്ട്. ആയതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിയ്ക്ക്, ടി കുടിശ്ശിക ഈടാക്കുന്നതിന് ,ആർ ആർ മുഖേനെ നടപടികൾ സ്വീകരിച്ചു വരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം.**05 / 25.09.25**

## 1-12 തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകൾ

2024-25 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ രേഖകൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.**06 / 25.09.25**

## 1-13 വാടക കുടിശ്ശിക ഈടാക്കുന്നില്ല

വാടക സംബന്ധിച്ച രജിസ്റ്റർ, ഡിസിബി സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം സുവർണ്ണ ജൂബിലി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കേരള ബാങ്ക് എന്ന സ്ഥാപനം 3,75,240 രൂപ കുടിശ്ശിക വരുത്തിയട്ടുണ്ട്.ആയതിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ടി കുടിശ്ശിക വരുത്തിയതിന്മേൽ ആർ ആർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആർ ആർ നടപടികളുടെ തുടർ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 8/25.09.2025

## 1-14 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, ഗുഡ് ഷെപ്പേർഡ് സ്കൂൾ, ചന്ദനക്കാവ് എന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപന നികുതി ഈടാക്കുവാൻ ബാക്കിയുണ്ട്. ആയതിന്റെ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ്

എൻക്വയറിയ്ക്ക്, ടി സ്ഥാപനത്തിൽ നിന്നും സ്ഥാപന നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 10/26.09.2025

**1-15 വസ്തു നികുതി -5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കി.**

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട ഫയൽ, ഫോറം 6 എന്നിവ പരിശോധിച്ചതിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന കെട്ടിടത്തെ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം ച.മി | ഉപയോഗക്രമം | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | 20% നികുതി ഉൾപ്പെടെ നിർണയിക്കേണ്ടിയിരുന്ന വസ്തു നികുതി | 20% നികുതിവർദ്ധനവിൽ നിന്നും ഒഴിവാക്കിയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക (രൂപ) |
|---|---|---|---|---|---|---|
| 01/627 | ശ്രീ ജോർജ്ജ് മാത്യു ഇളംപ്ലാക്കൽ | 134.88 | പാർപ്പിടം | അടിസ്ഥാന വസ്തു നികുതി നിരക്ക് : 6.3<br>കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി : 849.74<br>ഇളവുകൾ -മേഖല :84.97<br>ആകെ വാർഷിക വസ്തു നികുതി **: 765** | അടിസ്ഥാന വസ്തു നികുതി നിരക്ക് : 6.3<br>കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി : 849.74<br>ഇളവുകൾ :84.97<br>വർദ്ധന : വഴി സൗകര്യം : 169.94<br>ആകെ വാർഷിക വസ്തു നികുതി **: 935** | **170/-** |

ആയതിന്റെ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ടി കെട്ടിത്തിന്റെ നികുതി പുനർ നിർണയിക്കേണ്ടതും ആയത് ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. വസ്തുനികുതി നിർണയം നടത്തുമ്പോൾ ഇത്തരം അപാകതൾ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 26/03.10.25

**1-16 പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായം – പ്രോജക്ട് നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച്**

2024-2025 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകൽ പ്രോജക്ടിൽ അപേക്ഷ നൽകിയതിൽ നേരിട്ട കാലതാമസം മാപ്പാക്കി ധനസഹായം അനുവദിക്കാവുന്നതിനുള്ള ജില്ലാ കളക്ടറുടെ ഉത്തരവ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | എസ്.014/2024-2025 | |
| പേര് | പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായം | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് (എസ്.എസ്.പി) | 15,00,000 | 9,00,908 |

ശ്രീമതി.മഞ്ജു, സൂര്യവിലാസം, അമ്പതേക്കർ എന്ന വ്യക്തിക്ക് മകളുടെ വിവാഹധനസഹായമായി 1,25,000/-രൂപ ബിൽ നം. 24040752010701472183/10.03.2025 പ്രകാരം അനുവദിച്ചിട്ടുണ്ട്. ടിയാളുടെ മകളുടെ വിവാഹം നടന്നത് 20.06.2023 ൽ ആണ്. വിവാഹധനസഹായത്തിനുള്ള അപേക്ഷ സമർപ്പിച്ച തീയതി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. സ.ഉ(കൈ)നം.22/2018 ത.സ്വ.ഭ.വ തീയതി 14.02.18(സബ്സിഡി ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ) ഉത്തരവ് പ്രകാരം വിവാഹ ധനസഹായത്തിനുള്ള അപേക്ഷ നൽകിയതിൽ നേരിട്ട കാലതാമസം മാപ്പാക്കി ധനസഹായം അനുവദിക്കാവുന്നത് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ കൊല്ലം ജില്ലാ കളക്ടറാണ്. എന്നാൽ ഇത്തരത്തിൽ ധനസഹായം അനുവദിക്കുന്നതിലേക്ക് ജില്ലാ കളക്ടറുടെ കത്ത്/ഉത്തരവ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മാർഗ്ഗരേഖയിൽ വിവരിക്കുന്ന പ്രകാരം ബഹു. കൊല്ലം ജില്ലാ കളക്ടറുടെ ഇളവ് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിലേക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. കാലതാമസം മാപ്പാക്കി ധനസഹായം അനുവദിക്കുന്നതിലേക്കുള്ള ജില്ലാ കളക്ടറുടെ ഉത്തരവ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 125000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 16/29.09.2025

**1-17 സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകൾ- വിനിയോഗ രേഖകൾ ഹാജരാക്കിയില്ല.**

2024-25 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ വിനിയോഗ രേഖകൾ ഹാജരാക്കിയില്ല.

| ക്രമനം. | പ്രോജക്ടിന്റെ പേര്,നം | ബിൽനം.,തീയതി,<br>തുക കൈപ്പറ്റിയ സ്ഥാപനം | ചെലവഴിച്ച തുക |
|---|---|---|---|
| 1. | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-32/25 | 24040752010600464053 /20–7-24<br>24040752010601119814/3-1-25 (വികസന ഫണ്ട്),<br>കെ.എസ്.ഇ.ബി | 133533/- |
| 2. | ഐ.കെ.എംന് വിഹിതം നൽകൽ (13/25) | 24040752010601167404/13-1-25 (വികസന ഫണ്ട്),<br>ഐ.കെ.എം | 250000/- |
| 3. | മൊബൈയിൽ മാലിന്യ സംസ്കരണ യൂണിറ്റിന് വിഹിതം നൽകൽ (317/25) | 486/19-2-25 (ധനകാര്യകമ്മീഷൻ ഗ്രാന്റ്), ജില്ലാ പഞ്ചായത്ത് | 100000/- |
| 4 | എസ്.എസ്.കെ വിഹിതം നൽകൽ 15/25 | 24040752010601194293/18-1-25, ബ്ലോക്ക് റിസോഴ്സ് സെന്റർ | 1000000/- |
| 5 | ജീവനം പദ്ധതി വിഹിതം നൽകൽ 22/25 | 587/15-3-25, ജില്ലാ പഞ്ചായത്ത് | 500000/- |
| 6 | ജലനിധിക്ക് വിഹിതം നൽകൽ 286/25 | 485/19-2-25(ധനകാര്യ കമ്മീഷൻ ഗ്രാന്റ്), KRWSA-കേരള റൂറൽ വാട്ടർ സപ്ലൈ &സാനിറ്റേഷൻ എജൻസി | 62805/- |
| | | ആകെ | 20,46,338 |

വിനിയോഗ രേഖകളുടെ അഭാവത്തിൽ 20,46,338/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 4/24-9-2025

തടസ്സപ്പെടുത്തിയ തുക= 20,46,338/-

**1-18 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ -ടാപ്പുകളുടെ വിവരങ്ങൾ ഇല്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പ്രോജക്ട് നം-**7/25**

അടങ്കൽ-2400000

ചെലവഴിച്ച തുക-1485024/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

(ബിൽ നം.543/10-3-25=1361272/- & 577/13-3-25 =123752/-)

ഗ്രാമപഞ്ചായത്തിൽ 102 പൊതുടാപ്പുകൾക്ക് ഓരോ മാസവും വാട്ടർ അതോററ്റിയുടെ ഡിമാന്റ് പ്രകാരം 1,23,752/- രൂപ വീതം അടവാക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തും വാട്ടർ അതോറിറ്റിയും ചേർന്ന് പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. 20 വാർഡിലും പൊതുടാപ്പുകൾ ഏതൊക്കെ സ്ഥലങ്ങളിലാണ് സ്ഥിതി ചെയ്യുന്നത് എന്നത് സംബന്ധിച്ച രജിസ്റ്ററും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, സംയുക്ത പരിശോധന നടത്തിയിട്ടില്ലെന്നും രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ആയതിനാൽ ഈ ഇനത്തിൽ തൻവർഷം ചെലവഴിച്ച 1485024/- രൂപ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക-**1485024/-**

ഓഡിറ്റ് എൻക്വയറി നം-**14/27-09-2025**

**1-19 പാലിയേറ്റീവ് പരിചരണം- 39545/-രൂപയുടെ മരുന്നുകൾ ലഭിച്ചില്ല.**

നിർവ്വഹണോദ്യഗസ്ഥൻ-മെഡിക്കൽ ഓഫീസർ (CHC)

പ്രോജക്ട് നം-132/25

അടങ്കൽ-2500000/-

ചെലവ്-2498475/-

ഇൻവോയിസ് നം.15197@N/2025/2 തീ.05/02/2025

പാലിയേറ്റീവ് പരിചരണത്തിന് വേണ്ടി മരുന്നുകൾ ലഭ്യമാക്കുന്നതിനായി ബിൽ നം. 24040752010801448969/5-3-25 പ്രകാരം ഇൻ ഹൗസ് ഡ്രഗ്സ് ബാങ്കിന് 5,00,000/-രൂപ നൽകിയതിൽ 460455/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. 39545/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല. മരുന്ന് ലഭിക്കാനുള്ള കത്ത് നൽകിയതായിട്ടാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്. മരുന്നുകൾ ലഭിക്കുന്നത് വരെ ഈ ഇനത്തിൽ ബാക്കി നിൽക്കുന്ന തുകയായ 39545/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി- 13/26-9-2025

തടസ്സപ്പെടുത്തിയ തുക-39545/-രൂപ

## 1-20 മരാമത്ത് പ്രവൃത്തികൾ- ഇൻഷ്വറൻസ് കവറേജിന്റെ കാലയളവ് പാലിക്കുന്നില്ല

പ്രവൃത്തികൾ ചെയ്യുന്ന കരാറുകാർ പ്രവൃത്തി ആരംഭിച്ച 15 ദിവസങ്ങൾക്കുള്ളിൽ 200000/- രൂപയുടെ ഇൻഷ്വറൻസ് കവറേജ് എടുക്കണമെന്നും അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ,ആയത് 2 ലക്ഷത്തിനും 5ലക്ഷത്തിനും ഇടയിലാണെങ്കിൽ കരാർ തുകയുടെ 0.5% ഈടാക്കാനും Letter Of Acceptance ൽ നിഷ്കർഷിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചീനിയർ നിർവ്വഹണം നടത്തിയ ചില പ്രവൃത്തികളിൽ ഇൻഷ്വറൻസ് പോളിസി എടുത്തിരിക്കുന്നത് പ്രവൃത്തികൾ തീരാറായപ്പോഴും പൂർണ്ണമായ കാലയളവിലേക്കുമല്ല.ചില ഉദാ:

1.ആനവട്ടച്ചിറ മൂന്ന് സെന്റ് ഓയിൽ പാം (195/25)

2.ടൗൺ 16 ഏക്കർ കൊച്ചകോണം കോളനി റോഡ് പുനരുദ്ധാരണം(257/25)

3.കുന്നുംപുറം ഇടറോഡ് കോൺക്രീറ്റിംഗ്(349/25)

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മോശം കാലാവസ്ഥ മൂലം പ്രവൃത്തികൾക്ക് കാലതാമസം വരുന്നതിനാൽ പ്രവൃത്തി നടക്കുന്ന സമയത്തേക്ക് മാത്രമായി ഇൻഷ്വറൻസ് എടുക്കുന്നതായി അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. എന്നാൽ മേൽ പ്രവൃത്തികൾ കൂടാതെ മറ്റ് പ്രവൃത്തികളിലും ഈ രീതി തുടരുന്നു. ആയതിനാൽ Letter Of Acceptance-ൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കനുസരിച്ച് ഇൻഷ്വറൻസ് കവറേജ് കരാറുകാർ എടുക്കുന്നു എന്നത് ഉറപ്പ് വരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-21/29-9-25

## 1-21 പട്ടികജാതി വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണ പ്രോജക്ടുകൾ- ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു.

ലൈഫ് ഭവന പദ്ധതിയിൽ പട്ടികജാതി വിഭാഗക്കാർക്കായി 2024-2025 സാമ്പത്തിക വർഷം 2 ഭവന നിർമ്മാണ പ്രോജക്ടുകളാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ലൈഫ് ഭവന പദ്ധതി പട്ടികജാതി വിഭാഗം

| പ്രോജക്ട് നമ്പർ | എസ്.ഒ. 0164/2024-2025 | |
|---|---|---|
| പേര് | ലൈഫ് ഭവന പദ്ധതി പട്ടികജാതി വിഭാഗം | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് (ജനറൽ) | 983534 | 983534 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1,16,02,313 | 1,00,000 |
| ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | 32,00,000 | 0 |
| ജില്ലാ പഞ്ചായത്ത് ഫണ്ട് | 18,52,387 | 0 |
| ഹഡ്കോ ലോൺ | 3,07,78,483 | 0 |
| ആകെ | 4,84,16,717 | 10,83,534 |

2. ലൈഫ് ഭവന നിർമ്മാണം എസ്.സി വിഭാഗം

| പ്രോജക്ട് നമ്പർ | എസ്.0001/2024-2025 | |
|---|---|---|
| പേര് | ലൈഫ് ഭവന നിർമ്മാണം എസ്.സി വിഭാഗം | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് (ജനറൽ) | 50,30,000 | 42,00,000 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1,00,00,000 | 29,20,000 |
| ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | 50,00,000 | 0 |
| ജില്ലാ പഞ്ചായത്ത് ഫണ്ട് | 1,00,00,000 | 23,40,000 |
| ഹഡ്കോ ലോൺ | 99,70,000 | 61,16,466 |
| ആകെ | 4,00,00,000 | 1,55,76,466 |

ഈ രണ്ട് പ്രോജക്ടുകളിലുമായി ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശ്രീമതി സരസ്വതി.എ.ഇലവുംമൂട്ടിൽഅയ്യമ്പിള്ളവളവ് | 2,00,000 |
| 2 | ശ്രീമതി സുഷമ്മ.ജി, ആർ.പി.എൽ കോളനി, കുവക്കാട് | 2,00,000 |
| 3 | ശ്രീമതി ജായിസ്, ചരുവിള പുത്തൻവീട്, ചോഴിയക്കോട് | 3,00,000 |
| 4 | ശ്രീമതി യമുന, ഒലിപ്പുവിള വീട്, ചോഴിയക്കോട് | 2,00,000 |

| | | |
|---|---|---|
| 5 | ശ്രീമതി ഓമന, ദിവ്യാ ഭവൻ, ചോഴിയക്കോട് | 3,00,000 |
| 6 | ശ്രീമതി അമ്പിളി, കുഴിയിൽ വീട്, വടക്കേചെറുകര | 3,00,000 |
| 7 | ശ്രീമതി ജാനകി, ചരുവിള പുത്തൻവീട്, ചന്ദനക്കാവ് | 3,00,000 |
| 8 | ശ്രീമതി അന്നമ്മ. റ്റി, പുന്നാറ്റ്മൂഴിയിൽ, പവിത്രാലയം, സാംനഗർ | 40,000 |
| 9 | ശ്രീമതി സിന്ധു സുനിൽ, സിനിഭവൻ, 50 ഏക്കർ | 40,000 |
| 10 | ശ്രീമതി ആനന്ദവല്ലി, കുന്നിൽവീട്, ചോഴിയക്കോട് | 3,00,000 |
| 11 | ശ്രീമതി ബിന്ദു, വിദ്യാഭവൻ, ചോഴിയക്കോട് | 3,00,000 |
| 12 | ശ്രീമതി സുശീല, പള്ളിമേലതിൽ വീട്, , 50 ഏക്കർ | 3,00,000 |
| 13 | ശ്രീമതി പ്രിയ.പി, ശ്യാമള വിലാസം, കൈപ്പത്തിക്കുന്ന് | 2,00,000 |
| 14 | ശ്രീമതി ബിന്ദു രമണൻ, ചരുവിള വീട് സാംനഗർ | 1,40,000 |
| 15 | ശ്രീമതി അമ്പികാ മോഹനൻ, ചരുവിള വീട് സാംനഗർ | 3,00,000 |
| 16 | ശ്രീമതി നളിനി രാഘവൻ, സുനിൽ ഭവൻ, സാംനഗർ | 3,00,000 |
| 17 | ശ്രീമതി സാവിത്രി രാജേന്ദ്രൻ, ആർ.പി.എൽ 1സി കോളനി, കുവക്കാട് | 3,00,000 |
| 18 | ശ്രീമതി നീതുമാൾ, നീതുഭവൻ, തിങ്കൾകരിക്കം | 2,00,000 |
| 19 | ശ്രീമതി പൊന്നമ്മ, പൊന്നമ്മ വിലാസം, വില്ലുമല | 3,00,000 |
| 20 | ശ്രീമതി ബീന റജി, റജിവിലാസം, കല്ലുവെട്ടാംകുഴി | 3,00,000 |
| 21 | ശ്രീ ആനന്ദകുമാർ, ആർ.പി.എൽ 1സി കോളനി, കുവക്കാട് | 2,00,000 |
| 22 | ശ്രീമതി സുമംഗല. ബി.കെ, മുതിരക്കുപ്പിൽ സുകുവിലാസം, ചോഴിയക്കോട് | 2,00,000 |
| 23 | ശ്രീമതി സരോജനി, ആർ.പി.എൽ 1സി കോളനി, കുവക്കാട് | 40,000 |
| 24 | ശ്രീമതി ശ്രീകല, ശ്രീമുരകാലയം, കുവക്കാട് | 40,000 |
| 25 | ശ്രീമതി വിജയമ്മ, പണയിൽ വീട് 50 ഏക്കർ | 40,000 |

മേൽ പ്രോജക്ടുകളിലെ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കുന്നതിലേക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്,(ഓഡിറ്റ് എൻക്വയറി നം.19/29.09.2025) ഭവന നിർമ്മാണ പദ്ധതികൾ പൂർത്തീകരണ ഘട്ടത്തിലാണെന്നും നിർമ്മാണം പൂർത്തീകരിച്ച് വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച വിവരം ഓഡിറ്റിനെ അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

**1-22** <u>ധാതുലവണ മിശ്രിതം- ഗ്രാമസഭയിൽ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് വിതരണം നടത്തി</u>

നിർവ്വഹണോദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

പ്രോജക്ട് നമ്പർ- 339/25-ധാതുലവണ മിശ്രിതം വിതരണം

അടങ്കൽ-299381/-

ചെലവ്-**222588/-**(വികസന ഫണ്ട്) **(240407552011301524562/13-3-25)**

ഗുണഭോക്താക്കൾ=200 ക്ഷീരകർഷകർ

കർണ്ണാടക ആന്റിബയോട്ടിക്സ് & ഫാർമസ്യൂട്ടിക്കൽസിൽ നിന്നാണ് ധാതുലവണ മിശ്രിത മരുന്നുകൾ വാങ്ങിയിട്ടുള്ളത്. 10/3/25 ലെ 2(4) തീരുമാന പ്രകാരമുള്ള അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 175 പേർക്ക് 9 ലിറ്റർ വീതം ആകെ 1575 ലിറ്റർ ധാതുലവണ മിശ്രിതം നൽകിയതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം ഇനിയും 225 ലീറ്റർ വിതരണം നടത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ധാതുലവണ മിശ്രിതം | വാങ്ങിയ മരുന്ന് (ലിറ്റർ) | വിതരണം നടത്തിയത് (ലിറ്റർ) | വിതരണം നടത്താൻ ബാക്കി (ലിറ്റർ) |
|---|---|---|---|
| KALVIMIN GOLD | 1800 | 1575 | 225 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത 25 പേർക്ക് കൂടി 9 ലിറ്റർ വീതം ധാതുലവണ മിശ്രിതം വിതരണം നടത്തിയതായി മറുപടി ലഭ്യമാക്കി. ഗ്രാമസഭയിൽ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ധാതുലവണ മിശ്രിതം വിതരണം നടത്തിയതിനാലും നാളിതുവരെ ഗ്രാമസഭയിൽ വച്ച് സാധൂകരിക്കാത്തതിനാലും ഈ ഇനത്തിൽ നൽകിയ 27824/-രൂപ (222588/1800x225)തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക-27824/-

ഓഡിറ്റ് എൻക്വയറി-12/26-9-2025

**1-23 ആസ്തി രജിസ്റ്റർ കാലികമല്ല.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകളിലെ പദ്ധതി രൂപീകരണ ഫോറം-2(ക്രമ നം.ആസ്തിയുടെ യൂണിക്ക് ID), ബില്ലുകൾ, എസ്റ്റിമേറ്റുകൾ, Accounts Of Work Executed എന്നിവയിലൊന്നും ആസ്തി രജിസ്റ്റർ പ്രകാരമുള്ള ആസ്തി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഗ്രാമപഞ്ചായത്തിലെ ആസ്തികൾ കാലികമല്ലെന്നും ആർ-ട്രാക്ക് സർവ്വേ ഒന്നാം ഘട്ടം പൂർത്തിയായിട്ടുണ്ടെന്നും രണ്ടാം ഘട്ടം റോഡ് വിവരങ്ങൾ യൂണിക്ക് ID കൊടുത്തു കൃത്യമാക്കുന്നതാണെന്നും, നിലവിലെ ആസ്തി രജിസ്റ്റർ പ്രകാരമുള്ള യൂണിക്ക് ID കാലങ്ങൾക്ക് മുൻപ് ആസ്തിയായി ചേർത്തിട്ടുള്ളതിനാൽ പലപ്പോഴും തെറ്റിദ്ധാരണകൾക്ക് ഇടയാക്കുന്നതായും, ആർ-ട്രാക്ക് പൂർത്തിയാക്കുന്നതോടുകൂടി ശരിയായ യൂണിക്ക് ID എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർ വർഷങ്ങളിലെ എസ്റ്റിമേറ്റിലും ഇതര രേഖകളിലും റോഡിന്റെ വിവരങ്ങൾ ആസ്തി/ആർ-ട്രാക്ക് പ്രകാരം കാലികമാക്കി നടപ്പിലാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ, ഗ്രാമ പഞ്ചായത്ത് അധികൃതർ എന്നിവർ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.21/29-9-25

**1-24 വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ -സ്റ്റോക്ക് രജിസ്റ്ററിന് തുടർച്ചയില്ല**

പ്രോജക്ട് നം-109/25-വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ-400000/-

ചെലവ്-**400000/-(MF(NR)(240407552011301524562/13-3-25)**

മേൽ പ്രോജക്ട് സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്ററിൽ തൻവർഷം വാങ്ങിയ മരുന്നുകൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഓരോ വർഷവും പുതിയ സ്റ്റോക്ക് രജിസ്റ്ററിലാണ് മരുന്ന ലഭിക്കുന്നത് രേഖപ്പെടുത്തുന്നത് . ഈ കാരണത്താൽ മുൻ വർഷങ്ങളിൽ ലഭ്യമായ മരുന്നുകളിൽ നീക്കിയിരിപ്പ് ഉണ്ടോ എന്ന വിവരം ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഇനി മുതൽ സ്റ്റോക്ക് രജിസ്റ്ററിൽ മരുന്നുകളുടെ വിവരങ്ങൾ കൃത്യമാക്കിയും തുടർച്ചയായും രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. തുടർ വർഷങ്ങളിൽ ആയതിന്റെ കൃത്യത പരിശോധിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം.12/26-9-2025

**1-25 ബഡ്സ് സ്കൂൾ വാഹനത്തിന്റെ ഇന്ധനക്ഷമത പരിശോധന നടത്തിയിട്ടില്ല.**

ബഡ്സ് സ്കൂൾ വാഹനത്തിന്റെ ചെലവ് സംബന്ധമായ ഓഡിറ്റുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

1. ഇന്ധനക്ഷമത പരിശോധന നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
2. ഇന്ധനം നിറച്ചത് സംബന്ധിച്ച ഡീലറുടെ സ്റ്റേറ്റ്മെന്റ് തീയതിയും ലോഗ് ബുക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
3. ചുമതലയുള്ള ഉദ്യോഗസ്ഥൻ രജിസ്റ്റർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, 2023 മുതലുള്ള ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തി രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അപ്രകാരം ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും ചുമതലയുള്ള ഉദ്യോഗസ്ഥൻ രജിസ്റ്റർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

<u>നിർദ്ദേശങ്ങൾ</u>

സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ സർക്കാർ ഉത്തരവ് (പി) നമ്പർ 803/70 ഫിൻതിയതി 3.11.1970 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ഇന്ധന ഉപഭോഗത്തിന്റെയും ടാങ്കിൽ അവശേഷിക്കുന്ന ഇന്ധനത്തിന്റേയും കൃത്യമായ പരിശോധന നടത്തുന്നതിനായി താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. ഓരോ തവണയും വാഹനത്തിന്റെ ഇന്ധനടാങ്കിന്റെ പൂർണ്ണശേഷിയുടെ അത്രയും ഇന്ധനം നിറയ്ക്കേണ്ടതാണ്. യാത്ര സ്ഥിരമായി ഉണ്ടെങ്കിൽ രാവിലെ ഇന്ധനം നിറയ്ക്കേണ്ടതാണ്.
2. നിയന്ത്രണോദ്യോഗസ്ഥന്റെ വ്യക്തി പരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ഇക്കാര്യത്തിനായി ചുമതലപ്പെടുത്തുന്ന ഉത്തരവാദപ്പെട്ട
വ്യക്തിയുടെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്.
3. ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് ആറു മാസത്തിലൊരിക്കൽ പി.ഡബ്ലിയു.ഡി മെക്കാനിക്കൽ വിഭാഗം/മോട്ടോർ വാഹന വകുപ്പിലെ
ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. മുൻ ടെസ്റ്റിനെ അപേക്ഷിച്ച് ഇന്ധന
ഉപയോഗത്തിന്റെ തോത് വർദ്ധിച്ചിട്ടുണ്ടെങ്കിൽ, വാഹനത്തിന് ഉണ്ടെന്ന് കരുതുന്ന തകരാർ പരിശോധിച്ച് ഉദ്യോഗസ്ഥൻ രേഖപ്പെടുത്തേണ്ടതും ആയത്
പരിഹരിക്കുവാൻ നിർദ്ദേശിക്കേണ്ടതും കസ്റ്റോഡിയൻ ഓഫീസർ അപ്രകാരം പ്രവർത്തിക്കേണ്ടതുമാണ്.
4. ചുമതലയുള്ള ഉദ്യോഗസ്ഥൻ രജിസ്റ്റർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**1-26 ഗ്രാമ പഞ്ചായത്തിലെ ഗ്രന്ഥശാലകൾക്ക് ലൈബ്രറി കൗൺസിൽ രജിസ്ട്രേഷൻ ഇല്ല.**

കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് കെട്ടിടത്തിലും ചോഴിയക്കോട് സാംസ്കാരിക നിലയത്തിലും ചെറുകര സാംസ്കാരിക കേന്ദ്രത്തിലുമായി 3 ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ട്. ട്രൈബൽ ഏരിയ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഈ ഗ്രന്ഥശാല താൽകാലിക ലൈബ്രേറിയൻമാരെ നിയമിച്ചാണ് പ്രവർത്തിപ്പിക്കുന്നത്. ഈ ഗ്രന്ഥശാലകൾക്ക് ലൈബ്രറി

കൗൺസിലിന്റെ അംഗീകാരം നേടിയിട്ടില്ല. പുസ്തകം വാങ്ങൽ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കുമുള്ള ചെലവ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നാണ് ചെലവഴിക്കുന്നത്. ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരം നേടിയാൽ ഈ ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട്, പുസ്തകങ്ങൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ലഭ്യമാകുന്നതാണ്. ലൈബ്രറിയുടെ പ്രവർത്തനത്തിലേക്ക് ആവശ്യമായ ബൈലാ ചമയ്ക്കുന്നതിലേക്കും സർക്കാർ അനുവാദം നേടുന്നതിലേക്കും ആരോഗ്യ വിദ്യഭ്യാസസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.
ഓഡിറ്റ് എൻക്വയറി നം. 25/03-10-2025

**1-27 പട്ടിക വർഗ്ഗ വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണ പ്രോജക്ടുകൾ പൂർത്തീകരിക്കാൻ ശേഷിക്കുന്നു.**

2024-2025 സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതിയിൽ പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി 2 ഭവന നിർമ്മാണ പ്രോജക്ടുകളാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
1. ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗ വിഭാഗം

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ. 0179/2024-2025 | |
| പേര് | ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗ വിഭാഗം | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് (ടി.എസ്.പി) | 3,29,417 | 3,28,544 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1,45,67,687 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | 6,31,900 | 0 |
| ജില്ലാ പഞ്ചായത്ത് ഫണ്ട് | 14,40,000 | 0 |
| ഹഡ്കോ ലോൺ | 90,81,000 | 0 |
| ആകെ | 2,60,50,004 | 3,28,544 |

2. ലൈഫ് ഭവന നിർമ്മാണം എസ്.റ്റി വിഭാഗം

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | എസ്.0011/2024-2025 | |
| പേര് | ലൈഫ് ഭവന നിർമ്മാണം എസ്.റ്റി വിഭാഗം | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് (ജനറൽ) | 9,33,583 | 9,30,000 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 60,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | 25,66,417 | 0 |
| ജില്ലാ പഞ്ചായത്ത് ഫണ്ട് | 25,00,000 | 0 |
| ഹഡ്കോ ലോൺ | 60,00,000 | 5,71,456 |
| ആകെ | 1,80,00,000 | 15,01,456 |

ഈ രണ്ട് പ്രോജക്ടുകളിലുമായി ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശ്രീമതി സ്മിത.എൻ.,ആറ്റുമൺപുറത്തുവീട്,വില്ലുമല | 4,20,000 |
| 2 | ശ്രീ പ്രകാശ്.എസ്, പ്രകാശ് ഹൗസ്, ചെറുകരക്കാണി | 5,40,000 |
| 3 | ശ്രീമതി സുമതി. എൽ, പുളിമൂട്ടിൽ വീട്, വില്ലുമല | 5,40,000 |
| 4 | ശ്രീ ജയകുമാർ, മാടംപൊക്കിൽ, ചെറുകരക്കാണി | 5,40,000 |
| 5 | ശ്രീമതി സുജിതമോൾ. എസ്.എൽ, കോട്ടയിൽ, ചെറുകര | 5,40,000 |
| 6 | ശ്രീമതി രമ്യ.ആർ, വയലിറക്കത്ത് വീട്, പോക്കംകോവിൽ | 2,10,000 |
| 7 | ശ്രീമതി ബീന.പി, അചിത്രഭവൻ, കടമാൻകോട് | 5,40,000 |
| 8 | ശ്രീമതി അർച്ചന.വൈ.എസ്, വാഴവിള വീട്, ചെറുകര | 2,10,000 |
| 9 | ശ്രീമതി ഷൈലജ, ശ്രീലക്ഷ്മി വിലാസം, പെരുവഴിക്കാല | 5,40,000 |
| 10 | ശ്രീമതി സതി, രവീന്ദ്രൻകാണി, ശരണ്യ വിലാസം | 5,40,000 |
| 11 | ശ്രീമതി രാധ, പ്രീതി വിലാസം, കടമാൻകോട് | 2,10,000 |
| 12 | ശ്രീമതി രാജി.ആർ, അശ്വതിഭവൻ, വില്ലുമല | 2,10,000 |
| 13 | ശ്രീമതി ബേബി, വനത്തിറമ്പത്ത് വീട്, മരുതിമൂട് | 1,99,025 |

| | | |
|---|---|---|
| 14 | ശ്രീമതി ശോഭന, ആഞ്ഞവിലാസം, പെരുവഴിക്കാല | 5,40,000 |
| 15 | ശ്രീമതി സുമംഗല, സുമംഗലവിലാസം, കല്ലുപച്ച | 2,10,000 |
| 16 | ശ്രീമതി നീന.വി.എസ്, നീന ഭവൻ, ചെറുകര | 2,10,000 |
| 17 | ശ്രീ രഞ്ജു, വയലിറക്കത്ത് വീട്, അമ്പതേക്കർ | 90,000 |

മേൽ പ്രോജക്ടുകളിൽ ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ച ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കുന്നതിലേക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഭവന നിർമ്മാണ പദ്ധതികൾ പൂർത്തീകരണ ഘട്ടത്തിലാണെന്നും നിർമ്മാണം പൂർത്തീകരിച്ച് വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. അപ്രകാരം നിർമ്മാണം പൂർത്തീകരിച്ച വിവരം ഓഡിറ്റിനെ അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 17/29.09.2025

## 1-28 ബഡ്സ് സ്കൂൾ ജീവനക്കാർക്ക് വേതനം നൽകൽ - ഡ്രൈവർക്ക് അധിക വേതനം നൽകി

2024-2025 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ബഡ്സ് സ്കൂൾ ജീവനക്കാർക്ക് വേതനം നൽകൽ പ്രോജക്ടിൽ ഡ്രൈവർക്ക് നൽകേണ്ടതിലും അധികം തുക വേതനമായി നൽകിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | എസ്.85/2024-2025 | |
| പേര് | ബഡ്സ് സ്കൂൾ ജീവനക്കാർക്ക് വേതനം നൽകൽ | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസനഫണ്ട്(ജനറൽ) | 8,50,000 | 8,09,660 |
| തനത് ഫണ്ട് | 9,00,000 | 8,38,775 |
| ആകെ | 17,50,000 | 16,48,435 |

| ചെലവ് - ഫണ്ട് | ബിൽ നമ്പർ | തുക |
|---|---|---|
| വികസന ഫണ്ട് | 24040752010700634736/ 06.09.2024 | 140870 |
| വികസന ഫണ്ട് | 24040752010700732015/01.10.2024 | 131320 |
| വികസന ഫണ്ട് | 24040752010700871162/06.11.2024 | 136490 |
| തനത് ഫണ്ട് | 513/04.12.2024 | 140870 |
| വികസന ഫണ്ട് | 24040752010701151219/08.01.2025 | 136040 |
| വികസന ഫണ്ട് | ലഭ്യമല്ല | 138960 |
| വികസന ഫണ്ട് | 24040752010701481989/10.03.2025 | 125980 |
| തനത് ഫണ്ട് | 853/25.03.2025 | 124940 |
| തനത് ഫണ്ട് | 852/25.03.2025 | 146320 |
| തനത് ഫണ്ട് | 855/25.03.2025 | 135980 |
| തനത് ഫണ്ട് | 851/25.03.2025 | 136430 |
| തനത് ഫണ്ട് | 856/25.03.2025 | 128760 |
| തനത് ഫണ്ട് | 854/25.03.2025 | 25475 |

ബഡ്സ് സ്കൂൾ ജീവനക്കാരിൽ 2024-2025 സാമ്പത്തിക വർഷം ഡ്രൈവർക്ക് നൽകിയ തുക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മാസം | പ്രവൃത്തി ദിനങ്ങൾ | നൽകേണ്ട തുക | നൽകിയ തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | മാർച്ച് 2024 | 18 | 13140 | 15330 | 2190 |
| 2 | ഏപ്രിൽ2024 | 20 | 14600 | 16790 | 2190 |
| 3 | മെയ് 2024 | 20 | 14600 | 17520 | 2920 |
| 4 | ജൂൺ 2024 | 19 | 13870 | 18250 | 4380 |
| 5 | ജൂലൈ 2024 | 22 | 16060 | 16790 | 730 |
| 6 | ഓഗസ്റ്റ് 2024 | 19 | 13870 | 16060 | 2190 |
| 7 | സെപ്റ്റംബർ2024 | 16 | 11680 | 12410 | 730 |
| 8 | ഒക്ടോബർ2024 | 15 | 10950 | 11680 | 730 |
| 9 | നവംബർ 2024 | 21 | 15330 | 16060 | 730 |
| 10 | ഡിസംബർ2024 | 17 | 12410 | 12410 | 0 |
| 11 | ജനുവരി 2025 | 21 | 15330 | 15330 | 0 |
| 12 | ഫെബ്രുവരി2025 | 20 | 14600 | 15330 | 730 |
| | | | **166440** | **183960** | **17520** |

സ്കൂളിലെ അറ്റൻഡൻസ് രജിസ്റ്റർ പകർപ്പ് ഹാജരാക്കിയതിൽ ബഡ്സ് സ്കൂൾ പ്രവർത്തിക്കാത്ത ശനി, ഞായർ ദിവസങ്ങളിലും വേതനം നൽകിയിട്ടുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ശനി, ഞായർ

ദിവസങ്ങളിലും ജോലി ചെയ്തതിനാലാണ് ശമ്പളം നൽകിയത് എന്ന് ബഡ്സ് സ്കൂൾ ഡ്രൈവർ അറിയിച്ചതായി അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി. എന്നാൽ ബഡ്സ് സ്കൂൾ ഡ്രൈവറെ ജോലിക്ക് നിയോഗിച്ചതായ ഓഫീസ് ഉത്തരവുകളോ മിനിട്സോ മറ്റ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ ഈ ഇനത്തിൽ ചെലവായ തുക **17520** രൂപ തടസ്സപ്പെടുത്തുന്നു. ബഡ്സ് സ്കൂൾ ഡ്രൈവറെ ജോലിക്ക് നിയോഗിച്ചതായ ഓഫീസ് ഉത്തരവുകൾ, മറ്റ് രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-15/27.09.2025

**1-29 ലാപ്ടോപ്പ് വാങ്ങൽ പ്രോജക്ടുകൾ – ഒരു സാമ്പത്തിക വർഷം തന്നെ വ്യത്യസ്ത വിലയ്ക്ക് ലാപ്ടോപ്പ് വാങ്ങി.**

2024-2025 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ലാപ്ടോപ്പ് വാങ്ങൽ പ്രോജക്ടുകളിൽ ലാപ്ടോപ്പുകൾ വ്യത്യസ്ത വിലയ്ക്ക് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. പട്ടികജാതി, പട്ടിക വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിലേക്കായി 3 പ്രോജക്ടുകളാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | എസ്.ഒ.301/2024-2025 | എസ്.335/2024-2025 | | എസ്.335/2024-2025 |
|---|---|---|---|---|
| പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| ഫണ്ട് | എസ്.സി.പി | എസ്.സി.പി | തനത് ഫണ്ട് | ടി.എസ്.പി |
| അടങ്കൽ | 8,00,000 | 10,27,000 | 23,000 | 5,60,000 |
| ചെലവ് | 5,10,000 | 6,53,720 | 0 | 2,48,481 |
| ഒരു ലാപ്ടോപ്പിന്റെ വില | 34,000 (Legendary Distributors P.Ltd | 32,686 (Gain Infosystems) | | 34,000 (Adcom Systems) (Adcance Infosolutions 31789 രൂപ ക്വാട്ട് ചെയ്തെങ്കിലും പിന്മാറി) |

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ ഉൾപ്പെടുന്ന പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ സ.ഉ.(പി) നമ്പർ 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരം സെക്രട്ടറി നേതൃത്വം നൽകുന്ന പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഒരു പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കുകയും മാർഗ്ഗരേഖ പ്രകാരമുള്ള വാങ്ങൽ നടത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ അത്തരത്തിലെ നടപടികൾ ഒന്നും സ്വീകരിക്കാതെ വ്യത്യസ്ഥ നിരക്കുകളിൽ വാങ്ങൽ നടത്തിയിരിക്കുകയാണ്.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഗുണഭോക്താക്കളുടെ ലിസ്റ്റും രേഖകളും ലഭ്യമാകുന്നതിൽ വന്ന കാലതാമസം മൂലം വ്യത്യസ്ഥ സമയങ്ങളിൽ വാങ്ങൽ നടപടികൾ നടത്തിയതിനാലാണ് ഇത്തരത്തിൽ സംഭവിച്ചത് എന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ പ്രോജക്ടിൽ രണ്ട് ക്വട്ടേഷനിലുമായി ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് അംഗീകരിച്ച് വാങ്ങൽ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ 1314/- രൂപ കുറവായി എല്ലാ പ്രോജക്ടുകളിലുമായി ലാപ്ടോപ്പ് വാങ്ങാമായിരുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതും വാങ്ങൽ നടപടികൾ പ്രൊക്യൂമെന്റ് മാർഗ്ഗരേഖ പ്രകാരം നടത്തേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 19 /29.09.2025

**1-30 ടെൻഡർ ഫീസ്- തുക മുഴുവൻ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തില്ല.**

ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയറുടെ പേരിലുള്ള SBI അക്കൗണ്ട് (നമ്പർ 37978619038 ) സ്റ്റേറ്റ്മെന്റ് പ്രകാരം 31.3.2025 -ൽ 6,44,862.30 രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. എന്നാൽ 9.9.2025 ൽ 2,50,000 രൂപ മാത്രമാണ് ടെൻഡർ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. തുക മുഴുവൻ കൈമാറാത്തതിന്റെ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ശ്രീ രവീന്ദ്രൻ മാസ്റ്റർ സ്മാരകം- രാഗസരോവരം എന്ന പ്രോജക്ടിന്റെ നിർമ്മാണ പ്രവൃത്തിക്കായി MLA ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 40 ലക്ഷം രൂപ അസി.എഞ്ചിനീയറുടെ പേരിൽ സേവിങ്സ് അക്കൗണ്ട് ആരംഭിച്ച് ഡെപ്പോസിറ്റ് ചെയ്തിരുന്നുവെന്നും, ടി തുകയുടെ പലിശ ഇനത്തിൽ ലഭ്യമായ ഏകദേശം 4.50 ലക്ഷത്തോളം രൂപ തിരിച്ച് അടക്കേണ്ട ശീർഷകം സംബന്ധിച്ച് സർക്കാരിലേക്ക് കത്ത് നൽകിയിരുന്നുവെന്നും, എന്നാൽ ഒരു നിർദ്ദേശവും നാളിതുവരെ ലഭിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാരിൽനിന്ന് തുടർ നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 22 /29.09.2025

**1-31 രവീന്ദ്രൻ മാസ്റ്റർ സ്മാരക നിർമ്മാണം-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.**

കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെ 8. 6.2023 ലെ നടപടിക്രമം പ്രകാരം അസി. എൻജിനിയറുടെ SBI അക്കൗണ്ട് നമ്പർ 67054837277-ൽ നിക്ഷേപിച്ചിരിക്കുന്ന 40 ലക്ഷം രൂപ, രവീന്ദ്രൻ മാസ്റ്റർ സ്മാരക നിർമ്മാണം എന്ന പ്രവൃത്തി നടപ്പാക്കുന്നതിലേക്കായി, കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ തനത് ഫണ്ട് കൈകാര്യം ചെയ്യുന്ന കേരള ഗ്രാമീൺബാങ്ക് അക്കൗണ്ട് നമ്പരായ 40598101006083 ലേക്ക് RTGS മുഖേന 08/06/2023 തീയതിയിൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, സുലേഖ സോഫ്റ്റ്വെയറിലെ

സാങ്കേതികത്വം മൂലം ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിന് സാധിച്ചിട്ടില്ലെന്നും ടി ഫണ്ട് പൂർണ്ണമായും ചെലവഴിക്കുന്നതിലേക്കായി IKM-ലേക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും, IKM-ന്റെ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഫണ്ട് ചെലവഴിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 22 /29.09.2025

## 1-32 ഹെൽത്ത് ഗ്രാന്റ് അവലോകനം

കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്തിന് 2021-2022, 2022-2023, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | | ആകെ | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് | | | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 2021-2022 | 2022-2023 | 2023-2024 | 2024-25 | | 2021-2022 | 2022-2023 | 2023-2024 | 2024-2025 | | |
| 1 | Support For Diagnostic Infrastructure | - | 663894 | 1112397 | 460582 | 2236873 | - | 432449 | 1094000 | 230260 | 1756709 | 480164 |
| 2 | Grant For Rural Health & Wellness Centres | - | 414919 | 452786 | 712460 | 1580165 | - | 408786 | 447000 | 5000 | 860786 | 719379 |
| 3 | Construction Of Building To Health Sub Centres | - | - | - | - | - | - | - | - | - | - | - |
| | ആകെ | - | 1078813 | 1565183 | 1173042 | 3817038 | - | 841235 | 1541000 | 235260 | 2617495 | 1199543 |

Support For Diagnostic Infrastructure എന്ന ഇനത്തിൽ ലഭിച്ച തുക ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിനു സ്കീം-3 പ്രകാരം ചെയ്യാവുന്നതാണ്. ഈ പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക | | | | ആകെ |
|---|---|---|---|---|---|---|
| | | 2021-2022 | 2022-2023 | 2023-2024 | 2024-2025 | |
| 1 | ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | - | 432449 | 686771 | 230260 | 1349480 |
| 2 | ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക. | - | - | 407229 | - | 407229 |
| 3 | ഉപകരണങ്ങൾ, കിറ്റുകൾ, റീജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക. | - | - | - | - | - |
| 4 | ഉപകരണങ്ങളുടെ മെയിന്റനൻസ് | - | - | - | - | - |
| 5 | ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം | - | - | - | - | - |
| 6 | ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ. | - | - | - | - | - |
| | ആകെ | - | 432449 | 1094000 | 230260 | 1756709 |

Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റുപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. ഈ ഇനത്തിൽ നാളിതു വരെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക | | | | ആകെ |
|---|---|---|---|---|---|---|
| | | 2021-2022 | 2022-2023 | 2023-2024 | 2024-25 | |
| 1 | പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ. | | | | | |
| 2 | ഇന്റർനെറ്റ് ചാർജ് | | | | | |
| 3 | ബോധവൽക്കരണ ക്ലാസ്സുകൾ | | | | | |
| 4 | ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം | | | | | |
| 5 | ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക, | - | 408786 | 447000 | 5000 | 860786 |
| | ആകെ | | 408786 | 447000 | 5000 | 860786 |

Construction Of Building To Health Sub Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റുപയോഗിച്ച് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്ത പ്രഫോർമയിൽ ലഭ്യമാക്കുക.

| ക്രമ നം | ഇനം | ചെലവഴിച്ച തുക | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | Construction Of Building | ബാധകമല്ല | | | | | |
| 2 | Construction Of Building | ബാധകമല്ല | | | | | |

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് സ്കീം 3, 4 പ്രകാരം മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. ഗ്രാന്റ് വിനിയോഗിച്ച് താൽക്കാലികമായോ സ്ഥിരമായോ ജീവനക്കാരെ നിയമിച്ചിട്ടില്ല. അനുവദിച്ച തുകകൾ ശരിയായ രീതിയിൽ വിനിയോഗിച്ച് വരുന്നു. കെ.എം.എസ്.സി.എല്ലിൽ നിന്ന് മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് മരുന്നു വാങ്ങേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്(355/25). 11 ഉപകേന്ദ്രങ്ങൾ കുളത്തുപ്പുഴ സി.എച്ച്.സിയിൽ പ്രവർത്തിക്കുന്നു. ഇതിൽ 5 എണ്ണം സ്വന്തം കെട്ടിടത്തിലും 2 എണ്ണം വാടക കെട്ടിടത്തിലും മറ്റുള്ളവ പഞ്ചായത്ത് ഉടമസ്ഥതതിയിലുള്ള കെട്ടിടത്തിലും പ്രവർത്തിക്കുന്നു.

**1-33 ജൽജീവൻ മിഷൻ-അവലോകനം**

കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി ജന പങ്കാളിത്തം ഉറപ്പാക്കികൊണ്ട് 2024 ആകുമ്പോഴേക്കും ഇന്ത്യയിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധമായ കുടിവെള്ളം ആവശ്യമായ അളവിൽ, ആവശ്യമായ സമയങ്ങളിൽ, നിശ്ചിതമായ ഗുണനിലവാരത്തോടുകൂടി മിതമായ നിരക്കിൽ പ്രവർത്തനക്ഷമമായ ടാപ്പിലൂടെ ലഭ്യമാക്കുക എന്നുള്ള ദൗത്യമാണ് ജൽജീവൻ മിഷൻ. ഈ പദ്ധതിക്ക് ആവശ്യമായ സാമ്പത്തിക സംവിധാനം 45% കേന്ദ്ര സർക്കാരും 30% സംസ്ഥാന സർക്കാരം 15% തദ്ദേശ സർക്കാരും (ഗ്രാമ പഞ്ചായത്ത്) 10% ഗുണഭോക്താവും എന്ന നിലയിൽ ചുവടെ ചേർക്കും പ്രകാരമാണ് പദ്ധതി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

| | |
|---|---|
| No Of Connections Required | 8336 |
| Estimate Rate | 2085.45 ലക്ഷം |
| Central Share | 938.46ലക്ഷം |
| State Share | 625.63ലക്ഷം |
| Grama Panchayat Share | 312.82ലക്ഷം |
| Beneficiary Contribution | 208.54 ലക്ഷം |
| പൂർത്തീകരിച്ച കണക്ഷൻ | ലഭ്യമല്ല |

പദ്ധതി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിലേക്കായി കേരള വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയർ കുളത്തുപ്പുഴ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ 24.09.2020 ലെ കെ.ഡബ്ല്യു.എ/പി.എച്ച്.സി/ക്യു./ഡി3/2487/2019 കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിലെ 8336 എണ്ണം ഭവനങ്ങളിൽ കുടിവെള്ള വിതരണത്തിനായി 1926.4 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ആയതിലേക്ക് പഞ്ചായത്ത് വിഹിതമായി 288.96 ലക്ഷം രൂപയും (എസ്റ്റിമേറ്റിൽ 312.82ലക്ഷം രൂപ) ഗുണഭോക്തൃ വിഹിതമായി കണക്ഷൻ ഒന്നിന് 2310.94 രൂപയും ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഒന്നാം കക്ഷിയായും മെമ്പർ സെക്രട്ടറി (DWSM) രണ്ടാം കക്ഷിയായും നിർവ്വഹണ സഹായ ഏജൻസി മൂന്നാം കക്ഷിയായും ത്രികക്ഷി കരാർ ചമച്ചിതന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി തുക നൽകുന്നതിലേക്ക് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 22.09.2020 ലെ 1(10) നമ്പർ തീരുമാന പ്രകാരം 2017-2018, 2018-2019, 2019-2020 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പദ്ധതികളിലുൾപ്പെടുത്തി വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്തിരുന്നുവെന്നും 2017-2018, 2018-2019 ടെണ്ടർ സേവിംഗ്സ് തുകയും 2019-2020 വർഷത്തെ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ ആ ഇനത്തിൽ നൽകിയ 40 ലക്ഷം രൂപയും ജൽജീവൻ പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ ഉൾപ്പെടുത്തണമെന്നും കൊട്ടാരക്കര പി.എച്ച്.ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് വാട്ടർ അതോറിറ്റിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുക കുടിവെള്ള പ്രോജക്ടുകൾ പൂർത്തിയാക്കിയതിന്റെ ബാക്കി തുക ഫീസിബിൾ അല്ലാത്തതിനാൽ ജൽജീവൻ മിഷന് ഉപയോഗിക്കുന്നതിന് കോ- ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം സ.ഉ(സാധാ) നം 1785/2022/എൽ.എസ്.ജി.ഡി തീയതി 25.07.2022 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ അഭ്യർത്ഥന പ്രകാരം കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ബാലൻസ് തുക 6683895 രൂപ കുളത്തുപ്പുഴ പഞ്ചായത്തിന്റെ ജലജീവൻ മിഷൻ പ്രവൃത്തികൾക്ക് വേണ്ടിയുള്ള നോഡൽ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 67119741187)മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പി.എച്ച്.ഡിവിഷൻ എഞ്ചിനീയർ, ഫിനാൻസ് ആന്റ് ചീഫ് അക്കൗണ്ട്സ് ഓഫീസർ, ജലഭവൻ, കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരത്തിന് കത്ത് നൽകിയതായി ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് വിഹിതം ഇത്തരത്തിൽ സ്വീകരിച്ചിട്ടുള്ളതിന്റെയും എത്ര കണക്ഷൻ നൽകിയിട്ടുണ്ട് എന്നതിന്റെയും ഗുണഭോക്തൃ വിഹിതമിനങ്ങളിൽ ചെലവായ തുകയുടെയും പദ്ധതിയുടെ പൂർത്തീകരണ വിശദാംശങ്ങൾ എന്നിവയും ഹാജരാക്കിയ ഫയലിൽ നിന്ന് ലഭ്യമല്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, തദ്ദേശസ്വയംഭരണ വിഹിതവും ഗുണഭോക്തൃ വിഹിതവും ജൽജീവൻ മിഷന് കൈമാറിയിട്ടില്ലെന്നും വാർഷിക പദ്ധതിയിൽ ഇതിലേക്ക് തുക വകയിരുത്തിയതായി കാണുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ റെസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കുവരുത്തിയിട്ടില്ലയെന്നും ജൽജീവൻ മിഷനിൽ കുഴിയെടുത്തത് മൂലം തകരാറിലായ റോഡുകൾ ഗ്രാമപഞ്ചായത്ത് പരിഹരിച്ചിട്ടില്ലാത്തതിനാൽ ബില്ലുകൾ വാട്ടർ അതോറിറ്റിയിൽ നൽകിയിട്ടില്ലയെന്നും അത്തരത്തിൽ തകരാറിലായ റോഡുകൾ ജൽജീവൻ മിഷൻ തന്നെയാണ് റിപ്പയർ ചെയ്ത് ഗതാഗതയോഗ്യമാക്കുന്നത് എന്നും ഗ്രാമപഞ്ചായത്ത് റോഡ് റസ്റ്റോറേഷൻ പ്രവൃത്തികൾക്കായി പ്രത്യേക പ്രോജക്ടുകൾ രൂപീകരിച്ചിട്ടില്ലയെന്നും മറുപടി നൽകിയിട്ടുണ്ട്. ജൽജീവൻ മിഷന്റെ പൂർത്തീകരണ വിശദാംശങ്ങളും തുക നൽകിയതിന്റെ വിവരങ്ങളും പദ്ധതിയുടെ പുരോഗതിവിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.23/03.10.2025

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷം | ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക₹ | ഈടാക്കിയ തുക₹ | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക₹ | റിമാർക്സ് |
|---|---|---|---|---|---|
| 2024 ഏപ്രിൽ | 19 | 9,500/- | 9,500/- | 0 | |
| 2024 മെയ് | 18 | 9,000/- | 9,000/- | 0 | |
| 2024 ജൂൺ | 18 | 9,000/- | 9,000/- | 0 | |
| 2024 ജൂലൈ | 21 | 10,500/- | 10,500/- | 0 | |
| 2024 ആഗസ്റ്റ് | 21 | 10,500/- | 10,500/- | 0 | |
| 2024 സെപ്റ്റംബർ | 24 | 12,000/- | 12,000/- | 0 | |
| 2024 ഒക്ടോബർ | 21 | 10,500/- | 10,500/- | 0 | |
| 2024 നവംബർ | 25 | 12,500/- | 12,500/- | 0 | |
| 2024 ഡിസംബർ | 26 | 13,000/- | 13,000/- | 0 | |
| 2025 ജനുവരി | 20 | 10,000/- | 10,000/- | 0 | |
| 2025 ഫെബ്രുവരി | 22 | 11,000/- | 11,000/- | 0 | |
| 2025 മാർച്ച് | 22 | 11,000/- | 11,000/- | 0 | |

(1-4-24 മുതൽ 31-3-25നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവർ ഒഴികെ)

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1-4-24മുതൽ 30-6-24-നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(**7/22**മുതൽ അല്ലെങ്കിൽ **7/23** മുതലുള്ള കുടിശ്ശിക ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക₹ | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക₹ | റിമാർക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക്(1/7/24മുതൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(**7/22**മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക₹ | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക₹ | റിമാർക്സ് |
|---|---|---|---|---|
| ബാധകമല്ല | | | | |

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1/8/24മുതൽ 31/3/25നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (**7/22**മുതൽ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക₹ | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | അല്ലെങ്കിൽ **7/2024** മുതലുള്ള കുടിശ്ശിക ഉൾപ്പെടെ | ഒടുക്കിയതുക₹ | | |
| 1 | 2025 ജനുവരി | 1,500/- | 1,500/- | 0 | |
| 1 | 2025 ഫെബ്രുവരി | 1,500/- | 1,500/- | 0 | |

**4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ വിവരം**

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 29-09-2025 | കെ.എസ്.എ.കെ.എൽ.എം.പി1/2058/25 തീയതി 31.10.2025 |

**4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക-വർഷം | ലഭിച്ച തുക₹ | പ്രോജക്ടിന്റെ പേര് | ചെലവ്₹ | ബാലൻസ്₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 437250/- | 64 -ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 437250/- | 0 |
| | | 9000/- | 64 -ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 9000/- | 0 |
| | | 16650/- | 64 -ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 16650/- | 0 |
| | | 36000/- | 64 -ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 36000/- | 0 |
| | | 84473/- | 27 -അനുപൂരക പോഷകാഹാരം | 84473/- | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 16758/- | 176 -പാലിന് സബ്സിഡി | 16758/- | 0 |
| | | 6546/- | 176 -പാലിന് സബ്സിഡി | 6546/- | 0 |
| | | 200000/- | 1 -ലൈഫ് ഭവന പദ്ധതി SCP | 200000/- | 0 |
| | | 225000/- | 18 -ലൈഫ് വസ്തു വാങ്ങൽ SC | 225000/- | 0 |
| | | 450000/- | 18 -ലൈഫ് വസ്തു വാങ്ങൽ SC | 450000/- | 0 |
| | | 400000/- | 1 -ലൈഫ് ഭവന പദ്ധതി SCP | 400000/- | 0 |
| | | 80850/- | 64 -ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 80850/- | 0 |
| | | 168300/- | 64 -ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 168300/- | 0 |
| | | 116019/- | 62 -അനുപൂരക പോഷകാഹാരം | 116019/- | 0 |
| | | 5209/- | 27 -അനുപൂരക പോഷകാഹാരം | 5209/- | 0 |
| | | 68372/- | 27 -അനുപൂരക പോഷകാഹാരം | 68372/- | 0 |
| | | 480000/- | 1-ലൈഫ് ഭവന പദ്ധതി SCP | 480000/- | 0 |
| | | 180000/- | 1 -ലൈഫ് ഭവന പദ്ധതി SCP | 180000/- | 0 |
| | | 450000/- | 18 -ലൈഫ് വസ്തു വാങ്ങൽ SC | 450000/- | 0 |
| | | 124058/- | 62 -അംഗനവാടി പോഷകാഹാരം SCP | 124058/- | 0 |
| | | 99004/- | 62-അംഗനവാടി പോഷകാഹാരം SCP | 99004/- | |
| | | 360000/- | 1 -ലൈഫ് ഭവന പദ്ധതി SCP | 360000/- | 0 |
| | | 320000/- | 1 -ലൈഫ് ഭവന പദ്ധതി SCP | 320000/- | 0 |
| | | 400000/- | 1 -ലൈഫ് ഭവന പദ്ധതി SCP | 400000/- | 0 |
| | | 225000/- | 18 -ലൈഫ് വസ്തു വാങ്ങൽ SC | 225000/- | 0 |
| | | 450000/- | 18 -ലൈഫ് വസ്തു വാങ്ങൽ SC | 450000/- | 0 |
| | | 450000/- | 18-ലൈഫ് വസ്തു വാങ്ങൽSC | 450000/- | 0 |
| | | 225000/- | 18 -ലൈഫ് വസ്തു വാങ്ങൽ SC | 225000/- | 0 |
| | | 416882/- | 62-അംഗനവാടി പോഷകാഹാരം SCP | 416882/- | 0 |
| | | 114549/- | 62 -അംഗനവാടി പോഷകാഹാരം SCP | 114549/- | 0 |

**4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഇല്ല

**4-5 മൊബിലൈസേഷൻ അഡ്വാൻസ്**

ഇല്ല

**4-6 വായ്പ/വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 54,00,000/- രൂപ വരവുണ്ട്. മുൻബാക്കി 55,40,500/- രൂപയടക്കം

1,09,40,500/-രൂപയിൽ 1,05,74,922/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു. (*- ( വാർഷിക ധനകാര്യ പത്രിക പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള വായ്പാ തുക 11,55,58,375/-രൂപ ആണ്. ഇതു മുൻ വർഷങ്ങളിലെ ഓഡിറ്റ് പരാമർശ പ്രകാരം രജിസ്റ്ററിൽ ക്രമീകരിച്ച തുകയാണ് ചുവടെ ചേർത്തിട്ടുള്ളത് )

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പാ തുക₹ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക₹ | തൻവർഷം തിരിച്ചടച്ച തുക₹ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക₹ |
|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | | 54,00,000/- | *12,01,77,886/- | 1,07,43,661/- | *11,48,34,225/- |

## 4-7 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 15,01,000/- രൂപ |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 15,01,000/- രൂപ |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15,01,000/- രൂപ |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | 30.09.2014 | | 10,00,000/- | |
| 2 | കേരള ഗ്രാമീൺ ബാങ്ക് | 07.11.2016 | | 5,00,000/- | |
| 3 | കൊല്ലം സഹകരണ മിൽ | 08.03.1978 | | 800/- | |
| 4 | കൊല്ലം സഹകരണ മിൽ | 07.09.1993 | | 200/- | |
| | | | ആകെ | 15,01,000/- | |

## 4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-1999 | 3 | 2000-2001 | പട്ടികജാതി ദുർബല വിഭാഗങ്ങൾക്കുള്ള സൗരോർജ്ജ വിളക്ക് വിതരണം | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 1999-2000 | 34 | 2003-04 | പദ്ധതിനിർവഹണം പൂർത്തീകരിക്കാത്തതു സംബന്ധിച്ച് | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2016-2017 | 3-6 | 2015-16 (2-2) | രണ്ടു നില കെട്ടിടം പണിയുന്നതിന് അനുമതി നേടിയ ശേഷം, മൂന്നു നില കെട്ടിടം പണിതു. യാതൊരു ക്രമവൽകരണ നടപടികളും സ്വീകരിക്കാതെ കെട്ടിട നമ്പർ അനുവദിച്ചു നൽകി. | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2016-2017 | 3-10 | 2015-16 (2-3) | കെട്ടിട നിർമ്മാണ ചട്ടങ്ങളും ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവും പൂർണ്ണമായും ലംഘിച്ച് പണിത ഓഡിറ്റോറിയത്തിന് കെട്ടിട നമ്പർ അനുവദിച്ച് നൽകി. | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും/ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1,25,000/- | ശ്രീ ഷിഫിലുദ്ദീൻ, |

| | | |
|---|---|---|
| | | അസി.സെക്രട്ടറി |
| 1-17 | 20,46,338/- | ശ്രീ രാജീവ് ജെ, സെക്രട്ടറി |
| 1-18 | 14,85,024/- | ശ്രീ രാജീവ് ജെ, സെക്രട്ടറി |
| 1-19 | 39,545/- | ഡോ. പ്രകാശ് പി,<br>മെഡിക്കൽ ഓഫീസർ (സി എച്ച് സി) |
| 1-22 | 27,824/- | ഡോ. ഹിഷാം എ,<br>വെറ്ററിനറി സർജൻ |
| 1-28 | 17,520/- | ശ്രീ ഷിഫില്വദ്ദീൻ,<br>അസി.സെക്രട്ടറി |
| ആകെ | 37,41,251/- | |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും/ ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഷിഫില്വദ്ദീൻ,<br>അസി.സെക്രട്ടറി | കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് | റോഡ്വിള വീട്, ചിതറ പി.ഒ. |
| ശ്രീ രാജീവ് ജെ,<br>സെക്രട്ടറി | മൈലം ഗ്രാമപഞ്ചായത്ത് | രാജീവ മന്ദിരം, താഴം,<br>ചാത്തന്നൂർ പി ഒ, കൊല്ലം |
| ഡോ. പ്രകാശ് പി,<br>മെഡിക്കൽ ഓഫീസർ (സി എച്ച് സി) | മെഡിക്കൽ ഓഫീസർ,<br>മെറ്റൽഹീൽ കെയർ കെൻറ്റർ,<br>പേരൂർക്കട, തിരുവനന്തപുരം | പ്രകാശ് ഭവൻ, മുക്കോലക്കൽ,<br>നെടുമങ്ങാട്, തിരുവനന്തപുരം,<br>പിൻ 695541 |
| ഡോ. ഹിഷാം എ,<br>വെറ്റിനറി സർജൻ | വെറ്റിനറി ആശുപത്രി,<br>കുളത്തൂപ്പുഴ | നാഗരുകുഴി, പാലാംകോണം പിഒ,<br>വെഞ്ഞാറമൂട്, തിരുവനന്തപുരം,<br>പിൻ 695607 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 01 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 02 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 03 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 03 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 05 |
| 2003-04 | എൽ.എഫ്.ക്യൂ.പി4/447/2007 തീയതി 30.03.2007 | 3 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 04 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 01 |
| 2006-07 | എൽ.എഫ്.ക്യൂ.പെൻ/86/2009 തീയതി 03.02.2009 | 06 |
| 2007-08 | എൽ.എഫ്.ക്യൂ.പി4/1182/2011 തീയതി 07.12.2011 | 16 |
| 2008-09 | എൽ.എഫ്.ക്യൂ.പി4/1325/2014 തീയതി 19.06.2014 | 14 |
| 2009-10 | എൽ.എഫ്.ക്യൂ.പി4/1325/2014 തീയതി 19.06.14 | 17 |
| 2010-11 | എൽ.എഫ്.ക്യൂ.പി4/735/2012 തീയതി 30.04.2013 | 16 |
| 2011-12 & 2012-13 | കെ.എസ്.എ-കെ.എൽ.എം-പി1/അദാലത്ത്/2011-12, 2012-13/1450/22(1) തീയതി 23.08.2022 | 14 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.എൽ.എം-പി1/അദാലത്ത്/2013-14, 2014-15/1450/22(2) തീയതി 23.08.2022 | 17 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി1/അദാലത്ത്/2015-16/ | 11 |

| | | |
|---|---|---|
| | 1450/22(3) തീയതി 23.08.2022 | |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി1/1420/20 തീയതി 9.2.21 | 13 |
| 2017-18 | കെ.എസ്.എ-കെ.എൽ.എം-പി1/695/21 തീയതി 18.6.21/30.6.21 | 15 |
| 2018-19 | കെ.എസ്.എ-കെ.എൽ.എം-പി1/1386/20 3.5.21/21.6.21 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ-കെ.എൽ.എം-പി1/395/22/ 30.6.22 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ-കെ.എൽ.എം-പി1/396/2022/ Dt.25.07.22 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ-കെ.എൽ.എം-പി1/2268/2022/ Dt.01.04.23 | എല്ലാ ഖണ്ഡികകളും |
| 2022-23 | കെ.എസ്.എ-കെ.എൽ.എം-പി 1/1733/2023/dt4-11-2023 | എല്ലാ ഖണ്ഡികകളും |
| 2023-24 | കെ.എസ്.എ-കെ.എൽ.എം-പി-12/2029/24 തീയതി 19/11/2024 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 03-06-2025 and submitted on 03-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kulathupuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kulathupuzha Grama Panchayat as on 31-03-2025

**Date: 31/10/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Kulathupuzha Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

1.The following mandatory financial statements prescribed in accounting rules are not submitted for audit.
a) Ratios.
b) Notes on accounts.
2. Development Fund General- Expenditure in ACR does not match with that in Sulekha Statement.
3. Development Fund General-Expenditure in ACR and AFS does not match with each other.
4. CFC Basic grant untied - there is a difference in accounting of receipt.
5. MGNREGS receipt in AFS does not match with cash book.
6. MLA Fund- there is a difference in accounting of receipt.
7. ICDS - there is a difference in accounting of receipt.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്